ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) മലവർഗ്ഗക്കാരുടെ കൈവശം എത്ര ഏക്കർ ഭൂമിയുണ്ടെന്നു സർവ്വേചെയ്തിട്ടില്ല. അതിനാൽ അതു് നിശ്ചയമായി പറയുവാൻ സാധിക്കുകയില്ല.

(ബി)-യും (സി)-യും മൂന്നുവയസ്സു പ്രായമുള്ള ഓരോ അംഗത്തിനും എട്ടിൽ അഞ്ചു് ഏക്കർവരെ കൃഷിചെയ്യുവാൻ അവകാശമുണ്ടെന്നാണു് നിയമം.

(ഡി)-യും (ഇ)-യും ചീഫ് കണ്സർവേറ്റർക്കു് ചില പരാതികൾ ലഭിച്ചിട്ടുള്ളതായി അറിയാം. അതിനെക്കുറിച്ചു അന്വേഷണം നടത്തുന്നുണ്ടു്.

ശ്രീ. സി. എ. മാത്യു: ഈ പ്രശ്നങ്ങളെക്കുറിച്ചു് അന്വേഷിക്കുന്നതിനും പഠിക്കുന്നതിനും മറ്റുമായി ഒരു കാൺഫറൻസ് നടത്തിയതായി പത്രങ്ങളിൽ കണ്ടു. അതു ശരിയാണോ?

ശ്രീ. എ. ജെ. ജാൺ: ശരിയാണു്. കാൺഫറൻസ് നടത്തുകയും കമ്മിറ്റിക്കാർ എല്ലാ സ്ഥലത്തും ചെന്നു് അന്വേഷിച്ചു് ഒരു റിപ്പോർട്ടു തരുകയും ചെയ്തിട്ടുണ്ടു്. ഇതുസംബന്ധിച്ചു് രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തിൽ സൂചന നൽകിയിട്ടുമുണ്ടു്.

ശ്രീ. എം. വി. ചെറിയാൻ: മലവർഗ്ഗക്കാർക്കു് അവരുടെ പാർപ്പിടങ്ങളിൽ സ്ഥിരാവാസം ഏർപ്പെടുത്തുന്നതിനു് ഡിപ്പാർട്ടുമെൻറിനിന്നും വല്ല പ്രൊപ്പോസലും വന്നിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: മലവർഗ്ഗക്കാർ ഏതെങ്കിലും സ്ഥലത്തു് പ്രവേശിച്ചു് അഞ്ചോ പത്തോ ഏക്കർ സ്ഥലം കൃഷിചെയ്തു് ഒടുവിൽ അതു കൈമാറ്റം ചെയ്തിട്ടു് മറ്റു സ്ഥലങ്ങളിൽ പ്രവേശിച്ചു് കൃഷി ചെയ്യുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു് അവർക്കു് പ്രത്യേകമായി സ്ഥലം തിരിച്ചുകൊടുക്കണമെന്നും അവർ അതു് കൈമാറ്റം ചെയ്യരുതെന്നും ഗവണ്മെൻറു് ഒരു തീരുമാനമെടുത്തിട്ടുണ്ടു്.

താലൂക്കുകളും പകുതികളും പുനർവിഭജനം.

*77. [29] ശ്രീ. എ. സി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്കുകളും പകുതികളും പുനർവിഭജനം സംബന്ധിച്ചുള്ള ജോലികൾ പൂർത്തിയായി കഴിഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ ലിസ്റ്റു് മേശപ്പുറത്തു വയ്ക്കുവാൻ ദയവുണ്ടാകുമോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) സംസ്ഥാനത്തെ താലൂക്കുകളും പകുതികളും പുനർവിഭജനം സംബന്ധിച്ചുള്ള ജോലികൾ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ടു്.

(ബി) അതു് ഗവണ്മെൻറു് പരിശോധിച്ചുകൊണ്ടിരിക്കുന്നതിനാൽ ഇപ്പോൾ ലിസ്റ്റു് മേശപ്പുറത്തു വയ്ക്കാൻ നിവൃത്തിയില്ല.

ശ്രീ. എൻ. ജി. ചാക്കോ: ലിസ്റ്റു് എന്നു പൂർത്തിയാകും?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ : കഴിയുന്നതും വേഗത്തിൽ പൂർത്തിയാക്കുമെന്നു മാത്രമേ ഇൽക്കാലം പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. കെ. പി. ഹാർമിസ് : ഇതിനെ സംബന്ധിച്ചുള്ള റിപ്പോർട്ടിലെ ഉള്ളടക്കം പത്രങ്ങളിൽ വന്നിട്ടുണ്ടായി അറിയാമോ ?

ശ്രീ. എ. ജെ. ജാൺ : റിപ്പോർട്ടിന്റെ ഉള്ളടക്കമാണോ എന്നു് പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. പി. ഹാർമിസ് : അതിന്റെ അടിസ്ഥാനത്തിൽ പല സ്ഥലങ്ങളിലും പ്രക്ഷോഭണം നടക്കുന്നുണ്ടെന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ പ്രക്ഷോഭണം നടക്കുന്നുണ്ടെന്നറിഞ്ഞുകൂടാ. ചിലർക്കു് ചില പകുതികളും മറ്റും വേണമെന്നു് മെമ്മോറിയൽ കിട്ടിയിട്ടുണ്ടു്.

ശ്രീ. എം. വി. ചെറിയാൻ : ഇതിനെ സംബന്ധിച്ചു് ഒരു തീരുമാനമെടുക്കുന്നതിനു മുൻപായി അതു് ഈ സഭയുടെ അഭിപ്രായത്തിനു വയ്ക്കാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു സാദ്ധ്യമായി എന്നു വരുന്നതല്ല.

ശ്രീ. എം. വി. ചെറിയാൻ : അസംതൃപ്തിയുള്ളതു് ഇന്നത്തെ ഡിസ്ട്രിക്റ്റിന്റെ പ്രപീകരണത്തിലാണെന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അറിഞ്ഞുകൂടാ. എതായാലും ആ കാര്യം കമ്മിറ്റിക്കു് റഫർ ചെയ്തിട്ടില്ലായിരുന്നു.

ശ്രീ. എം. എം. മത്തായി : സംസ്ഥാനപുനർവിഭജനത്തെ സംബന്ധിച്ചു് തീരുമാനമെടുക്കുന്നതിനു മുൻപു് പകുതികളും താലൂക്കുകളും പുനർവിഭജനം ചെയ്യുന്നതുസംബന്ധിച്ചു് തീരുമാനമെടുക്കുന്നതു് ശരിയാണോ ?

ശ്രീ. എ. ജെ. ജാൺ : ആ കാര്യത്തെപ്പറ്റിയും ആലോചിക്കുന്നുണ്ടു്. സംസ്ഥാനപുനർവിഭജനം കഴിഞ്ഞതിനുശേഷമേ ഇതിൽ അവസാനതീരുമാനമെടുക്കുകയുള്ളൂ.

ശ്രീ. പി. കേശവമേനോൻ : കമ്മിറ്റിയുടെ റിപ്പോർട്ടു് യൂനാനിമസ്സായി അംഗീകരിച്ചതാണോ ?

ശ്രീ. എ. ജെ. ജാൺ : ഇപ്പോൾ അതിനെ സംബന്ധിച്ചു് എന്തെങ്കിലും പറയുന്നതു് ശരിയല്ല.

Ernakulam Foreshore Road.

* 78. [30] SHRI A. A. D. LUIZ : Will the Minister for Works be pleased to state :

(a) when the Ernakulam fore-shore road would be completed and why this work has been left unattended to for such a length of time ; and

(b) what is to be done with the surplus land to the east of the road ?

LIBRARY ARCHIVES Kerala Legislative Assembly